പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2815 **28-10-2026-ൽ മറുപടിയ്ക്ക്**

മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ പ്ലാറ്റ്ഫോം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. നീലകണ്ഠൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഓരോ ജില്ലയിലും നടപ്പാക്കാൻ വിഭാവനം ചെയ്യുന്ന മുഖ്യമന്ത്രി മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി മത്സ്യവിത്ത്, മത്സ്യത്തീറ്റ, മത്സ്യവിൽപ്പന എന്നിവയ്ക്കായി ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരുക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ഉണ്ട്. സംസ്ഥാനത്ത് മത്സ്യകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന മുഖ്യമന്ത്രിയുടെ മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി മത്സ്യകൃഷിക്ക് ആവശ്യമായ മത്സ്യവിത്ത്, മത്സ്യത്തീറ്റ തുടങ്ങിയവയുടെ ആവശ്യകത കണക്കാക്കുന്നതിനും അവ ലഭ്യമാക്കുന്നതിനും മത്സ്യവിൽപ്പന സുഗമമാക്കുന്നതിനും അനുയോജ്യമായ ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരുക്കുന്നതിനുള്ള വ്യവസ്ഥ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മത്സ്യകൃഷിയുമായി ബന്ധപ്പെട്ട ഉൽപ്പാദനവും വിപണനവും ഏകോപിപ്പിക്കുക, കർഷകർക്ക് ആവശ്യമായ ഉൽപ്പാദനോപാധികൾ ലഭ്യമാക്കുക, വിപണി സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ, FISH4U, K-Fish തുടങ്ങിയ ബ്രാൻഡുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ആഭ്യന്തര വിപണിയിൽ മത്സ്യവിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

(ബി) മത്സ്യകൃഷിക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും ഉൽപ്പാദനത്തിന് ആനുപാതികമായി ഉൽപ്പാദന ബോണസ് നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

മറുപടി: മത്സ്യകർഷകരുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനും മത്സ്യകൃഷി കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി മുഖ്യമന്ത്രി മത്സ്യസമൃദ്ധി പദ്ധതിയിൽ പ്രസ്തുത വിഷയങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. മത്സ്യ ഉൽപ്പാദനത്തിന് ആനുപാതികമായി കർഷകർക്ക് ഉൽപ്പാദന ബോണസ് അനുവദിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എല്ലാ മത്സ്യകൃഷി രീതികൾക്കും മത്സ്യയിനങ്ങൾക്കും വിള ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) എല്ലാ മത്സ്യഫാമുകൾക്കും രജിസ്ട്രേഷനും ക്യു.ആർ. കോഡോടുകൂടിയ സർട്ടിഫിക്കറ്റും ഏർപ്പെടുത്തി, ഉൽപ്പന്നത്തിന്റെ ഉറവിടം തിരിച്ചറിയാൻ കഴിയുന്ന ട്രേസബിലിറ്റി സംവിധാനം നടപ്പാക്കുമോ; വ്യക്തമാക്കാമോ;

മറുപടി: മുഖ്യമന്ത്രി മത്സ്യസമൃദ്ധി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് സംസ്ഥാനത്തെ മത്സ്യഫാമുകൾ രജിസ്റ്റർ ചെയ്യുകയും അവിടെ ഉൽപ്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ ഉറവിടം തിരിച്ചറിയുന്നതിനുള്ള സംവിധാനം (Traceability) ഉറപ്പാക്കുകയും ചെയ്യുക എന്നത്. ഇതിന്റെ ഭാഗമായി എല്ലാ മത്സ്യഫാമുകൾക്കും രജിസ്ട്രേഷനും ക്യു.ആർ. (QR) കോഡോടുകൂടിയ സർട്ടിഫിക്കറ്റും നിർബന്ധമാക്കുന്നതിനുള്ള വ്യവസ്ഥ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മത്സ്യകൃഷിയുടെ രീതി, മത്സ്യയിനം, ഉൽപ്പാദനം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഡിജിറ്റൽ സംവിധാനത്തിലൂടെ രേഖപ്പെടുത്തുന്നതിലൂടെ മത്സ്യത്തിന്റെ ഉറവിടം തിരിച്ചറിയുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും വിപണിയിൽ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട മൂല്യം ലഭ്യമാക്കുന്നതിനും സാധിക്കും. കൂടാതെ, മത്സ്യകൃഷി മേഖലയിൽ സുതാര്യത ഉറപ്പാക്കുന്നതിനും ആഭ്യന്തര വിപണിയിലും കയറ്റുമതി വിപണിയിലും മത്സ്യോൽപ്പന്നങ്ങളുടെ വിശ്വാസ്യത വർധിപ്പിക്കുന്നതിനും ഈ സംവിധാനം സഹായകമാകും.

(ഡി) വരാൽ, ആറ്റുകൊഞ്ച്, കരിമീൻ തുടങ്ങിയവയ്ക്ക് ജിയോ ടാഗിങ് ഏർപ്പെടുത്തുമോ; ഇതുവഴി വിൽപ്പനയ്ക്കെത്തിക്കുന്ന മത്സ്യം ഏത് പ്രദേശത്തുനിന്നുള്ളതാണെന്നും എപ്പോഴാണ് പിടിച്ചതെന്നുമുൾപ്പെടെയുള്ള വിവരങ്ങൾ വാങ്ങുന്നയാൾക്ക് ലഭ്യമാക്കാൻ കഴിയുമോ; വിശദമാക്കുമോ?

മറുപടി: മുഖ്യമന്ത്രിയുടെ മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി കൃഷി ചെയ്യുന്ന മത്സ്യയിനങ്ങൾക്ക് ജിയോ ടാഗിംഗ് ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദ മത്സ്യകൃഷിക്ക് പ്രാധാന്യം നൽകുന്നതിനോടൊപ്പം ഇക്കോ ലേബലിംഗ് മുഖേന മത്സ്യോൽപ്പന്നങ്ങളുടെ വിപണിമൂല്യം വർധിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. മത്സ്യഫാമുകളുടെ രജിസ്ട്രേഷൻ, ക്യു.ആർ. കോഡ് അധിഷ്ഠിത സർട്ടിഫിക്കേഷൻ, ഉൽപ്പാദന വിവരങ്ങളുടെ ഡിജിറ്റൽ രേഖപ്പെടുത്തൽ എന്നിവയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന ഇത്തരം സംവിധാനങ്ങൾ മത്സ്യത്തിന്റെ ഉറവിടം തിരിച്ചറിയുന്നതിനും ഉപഭോക്താക്കൾക്ക് വിശ്വസനീയമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും സഹായകമാകും. ഇതിലൂടെ ഗുണമേന്മയുള്ള മത്സ്യോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണിമൂല്യം ഉറപ്പാക്കുന്നതിനും വിപണന സാധ്യതകൾ വികസിപ്പിക്കുന്നതിനും സാധിക്കും.

സെക്ഷൻ ഓഫീസർ